(ബി) ഇൻസർവ്വീസ് പരിശീലനം നൽകുന്നുണ്ട്. അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ മുതൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വരെയുള്ള തസ്തികയിലുള്ളവർക്ക് വിവിധ വിഷയങ്ങളിൽ 5 ദിവസം വീതം ദൈർഘ്യമുള്ള ഇൻസർവ്വീസ് പരിശീലനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ സഹകരണത്തോടെ നടത്തിവരുന്നു.

(സി) എക്സൈസ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണം ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ നിരീക്ഷിക്കുന്നതു കൂടാതെ പോലീസ് സേനയിലെ എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് വിഭാഗവും ഓഫീസ് സംബന്ധമായ കാര്യങ്ങൾ പരിശോധിക്കുവാൻ എക്സൈസിലെ ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു ഇന്റേണൽ ആഡിറ്റ് വിഭാഗവും എക്സൈസ് വകുപ്പിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) എക്സൈസ് സേനയുടെ കൃത്യനിർവ്വഹണം നിരീക്ഷിക്കുവാൻ പോലീസ് സേനയിലെ എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ എക്സൈസ് വിജിലൻസ് വിഭാഗത്തെയും എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിക്കുവാൻ പോലീസ് സേനയിലെ എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ അഡീഷണൽ എക്സൈസ് കമ്മീഷണറായും നിയോഗിച്ചിട്ടുണ്ട്.

എക്സൈസ് അക്കാദമി

115 (3746) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് അക്കാദമി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എക്സൈസ് അക്കാദമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) എല്ലാം എക്സൈസ് ഉദ്യോഗസ്ഥരെയും പരിശീലിപ്പിക്കുന്നതിന് അക്കാദമി പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആധുനിക കുറ്റാന്വേഷണ രീതികൾ പഠിപ്പിക്കുന്നതിനും ആവശ്യമായ ബോധനരീതി ഇവിടെ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 18-12-2003-ലെ ജി.ഒ. (എംഎസ്.)194/2003/നി.വ. നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ താലൂക്കിൽ അരണാട്ടുകര വില്ലേജ് പൂത്തോൾ ദേശത്ത് സർവ്വേ നമ്പർ 711 പ്രകാരം 2.74 ഏക്കർ വരുന്ന ഡിപ്പാർട്ടുമെന്റ് വക ഭൂമിയിൽ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ മുഴുവൻ ജീവനക്കാർക്കും അടിസ്ഥാന പരിശീലനം നൽകുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടി 1-1-2004-ൽ സ്റ്റേറ്റ് എക്സൈസ് അക്കാദമി & റിസർച്ച് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജോയിന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ പ്രിൻസിപ്പാളായും, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ (വൈസ് പ്രിൻസിപ്പാൾ) സ്പെഷ്യൽ ആഫീസറായും 2 സർക്കിൾ ഇൻസ്പെക്ടർമാരും 2 പ്രിവന്റീവ് ആഫീസർമാരും 2 ഓഫീസ് അറ്റൻഡന്റ് ഡ്രൈവർ, 2 ക്ലർക്ക്, 1 പാർട്ട് ടൈം സ്വീപ്പർ, 6 കാഷ്വൽ സ്വീപ്പർമാർ എന്നീ ക്രമത്തിലുള്ള ജീവനക്കാരും ഇപ്പോൾ ടി സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. സ്റ്റേറ്റ് എക്സൈസ് അക്കാദമിയിൽ 50 സിവിൽ എക്സൈസ് ആഫീസർമാർ അടങ്ങുന്ന ആദ്യ ബാച്ചിന്റെ പരിശീലനം 2-9-2010-ൽ ആരംഭിച്ചു. തുടർന്ന് നാളിതുവരെ 12 ബാച്ചുകളിലായി 683 സിവിൽ എക്സൈസ് ആഫീസർമാർക്ക് 90 പ്രവൃത്തി ദിവസം വീതമുള്ള പ്രാഥമിക പരിശീലനം നൽകിയിട്ടുള്ളതാണ്. കൂടാതെ 2 ബാച്ചിൽ 56 എക്സൈസ് ഡ്രൈവർമാരുടെയും പ്രാഥമിക പരിശീലനം പൂർത്തിയായിട്ടുള്ളതാണ്. 1-ാം മത് ബാച്ചിൽ 90 വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ പരിശീലനം ഇപ്പോൾ നടന്നുവരുന്നു. ഏഴ് പാസ്സിംഗ് ഔട്ട് പരേഡുകൾ ഈ അക്കാദമിയിൽ വച്ച് ഇതിനോടകം തന്നെ നടത്തിയിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരേയും പരിശീലിപ്പിച്ച് ബൗദ്ധികവും കായികവുമായ ശേഷി പരിപോഷിപ്പിച്ച് അബ്കാരിയും, അനുബന്ധ നിയമങ്ങൾ എന്നിവയിൽ പരിജ്ഞാനം നൽകി അവരെ അച്ചടക്കവും കാര്യശേഷിയും സാമൂഹിക പ്രതിബദ്ധതയുള്ള ഉത്തമവ്യക്തിത്വമുള്ള ഉദ്യോഗസ്ഥരായി മാറ്റി എടുക്കലാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യം.

(സി&ഡി) പൂർണ്ണമായും പര്യാപ്തമല്ല. അക്കാദമിയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ആയുധപരിശീലനം നടത്തുന്നതിന് സൗകര്യമില്ലാത്തതിനാൽ എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ (നേരിട്ട് നിയമിക്കപ്പെടുന്നവർ) തസ്തികയിലുള്ളവർക്ക് ആയുധ പരിശീലനവും കൂടി എക്സൈസ് അക്കാദമിയിൽ വച്ച് നടത്തുന്നതിനുവേണ്ടി എക്സൈസ് അക്കാദമിയിൽ ഒരു ആയുധപ്പുര 2014-15 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനിക കുറ്റാന്വേഷണ രീതികൾ പഠിപ്പിക്കുന്നതിന് ആവശ്യമായ ബോധനരീതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.